# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4532** **13.11.2019 ലെ മറുപടി**

## ചേലക്കര മണ്ഡലത്തിലെ കുളങ്ങൾ സംരക്ഷിയ്ക്കുവാൻ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.യു.ആർ.പ്രദീപ്:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, വടക്കാഞ്ചേരി എന്നീ മൈനർ ഇറിഗേഷൻ സെക്ഷനുകളുടെ പരിധി പ്രദേശത്ത് എത്ര കുളങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; | (എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, വടക്കാഞ്ചേരി എന്നീ മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പഞ്ചായത്തുകളുടെ അധീനതയിൽ വരുന്ന പൊതു കുളങ്ങളും അമ്പലകുളങ്ങളുമാണ് പ്രധാനമായിട്ടുള്ളത്. മൈനർ ഇറിഗേഷൻ സെൻസസ് പ്രകാരം പൊതുകുളങ്ങൾ 142 എണ്ണവും അമ്പലകുളങ്ങൾ 51 എണ്ണവും എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിൽ എത്ര കുളങ്ങൾ നവീകരിച്ച് സംരക്ഷിച്ചിട്ടുണ്ട്; ബാക്കിയുള്ള കുളങ്ങളിൽ വേനൽക്കാലത്ത് ജലലഭ്യതയുള്ള കുളങ്ങൾ മുൻഗണനാക്രമത്തിൽ നവീകരിച്ച് സംരക്ഷിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ 6 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 10 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ബാക്കിയുള്ള കുളങ്ങളുടെ നവീകരണത്തിനാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശമനുസരിച്ച് കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കുളങ്ങളുടെ ലിസ്റ്റ്

### പൂർത്തീകരിച്ചവ -

1. മുള്ളൂർക്കര പഞ്ചായത്തിലെ കോട്ടക്കുളം
2. വരവൂർ പഞ്ചായത്തിലെ ദേവിച്ചിറക്കുളം
3. മുള്ളൂർക്കര പഞ്ചായത്തിലെ മണാലാടികുളം
4. ചേലക്കര പഞ്ചായത്തിലെ കുട്ടിത്താൻകുളം
5. പാഞ്ഞാൾ പഞ്ചായത്തിലെ ചാത്തൻകുളം
6. പഴയന്നൂർ പഞ്ചായത്തിലെ എളനാട് കുളം

### പൂർത്തീകരിക്കുവാനുളളവ

1) ചേലക്കര പഞ്ചായത്തിലെ കോരനാട്ടുകുളം- 2 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. സാങ്കേതികാനുമതിക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു.

2) പഴയന്നൂർ പഞ്ചായത്തിലെ രാമൻചെട്ടിക്കുളം- 2.12 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. സാങ്കേതികാനുമതിയ്ക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു.

3) വള്ളത്തോൾ നഗർ പഞ്ചായത്തിലെ കുളമ്പുകുളം- 6 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. സാങ്കേതികാനുമതിയ്ക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു

4) വള്ളത്തോൾ നഗർ പഞ്ചായത്തിലെ പടിഞ്ഞാറേ മന്നാഴി കുളം- 1 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. സാങ്കേതികാനുമതിയ്ക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു.

5) വള്ളത്തോൾ നഗർ പഞ്ചായത്തിലെ നെല്ലിക്കുളം - 1 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നല്കി. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു

6) പാഞ്ഞാൾ പഞ്ചായത്തിലെ ചാത്തൻകുളം-7 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നല്കി. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

7) വരവൂർ പഞ്ചായത്തിലെ ദേവിച്ചിറക്കുളം- 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചു വരുന്നു.

8) വരവൂർ പഞ്ചായത്തിലെ ചക്കാംകുളം -41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

9) മുള്ളൂർക്കര പഞ്ചായത്തിലെ തേവർകുളം- 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

10) വരവൂർ പഞ്ചായത്തിലെ മഞ്ഞച്ചിറകുളം- എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ